പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1823 — 11/02/2013-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്കെല്ലാം ഒന്നാംഘട്ട സഹായം ലഭ്യമാക്കിയിട്ടുണ്ടോ; നാളിതുവരെ എത്ര പേർക്ക് സഹായം ലഭ്യമാക്കുകയുണ്ടായി; അവശേഷിക്കുന്നവരെത്ര; | (എ) ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്കെല്ലാം ഒന്നാം ഘട്ട സഹായം ലഭ്യമാക്കി വരുന്നു. നാളിതുവരെ 1007 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 78,681 അഗതി കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് പ്രത്യേകമായി സംസ്ഥാനഗവൺമെന്റ് അനുവദിച്ച തുക എത്ര; എത് ഹെഡ്ഡിൽ; | (ബി) ആശ്രയ പദ്ധതിയ്ക്കായി പ്രത്യേക ഹെഡ്ഡില്ല. കുടുംബശ്രീ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ആശ്രയ പദ്ധതിയ്ക്ക് ആവശ്യമായ തുക ചെലവഴിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാൻ എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശം 75 കോടിയ്ക്കും 80 കോടിയ്ക്കും ഇടയ്ക്ക് തുക പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ